പട്ടികജാതി ജനവിഭാഗങ്ങൾക്കുള്ള ക്ഷേമ പദ്ധതികൾ

289 (987) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് സർക്കാർ നൽകിവരുന്ന വിവിധ സേവനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇത്തരത്തിലുള്ള ക്ഷേമപദ്ധതികൾ ലാപ്സാകാതെ നടപ്പാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ ;

(സി) പട്ടികജാതി ജനവിഭാഗങ്ങളുടെ വിവിധ ക്ഷേമപദ്ധതികൾ കാലാകാലങ്ങളിൽ പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് സർക്കാർ നൽകി വരുന്ന വിവിധ സേവനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഭരണാനുമതി ഉത്തരവ് ആവശ്യമുള്ള പദ്ധതികൾക്ക് അത് യഥാസമയം പുറപ്പെടുവിക്കുകയും, വ്യക്തിഗത ആനുകൂല്യങ്ങൾ ആവശ്യകത അനുസരിച്ച് നടപടിക്രമങ്ങൾ പൂർത്തിയാക്കി വിതരണം ചെയ്യുകയും ചെയ്യുന്നു. ഫണ്ടിന്റെ കുറവുണ്ടെങ്കിൽ ആയതും യഥാസമയം പരിഹരിച്ച് നൽകുന്നു. പ്രസ്തുത ക്ഷേമ പദ്ധതികൾക്കുള്ള തുക ലാപ്സാകാതെ സമയബന്ധിതമായി നടപ്പാക്കി വരുന്നു.

(സി) പട്ടികജാതി ജനവിഭാഗങ്ങൾക്കുള്ള വിവിധ ക്ഷേമ പദ്ധതികൾ കാലാകാലങ്ങളിൽ പരിഷ്കരിക്കുന്നുണ്ട്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വായ്പ എഴുതിത്തള്ളുന്നതിന് പദ്ധതി

290 (988) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ വായ്പാകുടിശ്ശികമൂലം പ്രയാസമനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വായ്പകളും കുടിശ്ശികയും എഴുതിത്തള്ളുന്നതിന് പദ്ധതി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി വായ്പ എടുക്കുകയും സാമ്പത്തിക ബുദ്ധിമുട്ടുകളാൽ വായ്പ തിരിച്ചടക്കാൻ കഴിയാത്തതിനാൽ കുടിശ്ശികയുള്ള വായ്പകൾ എഴുതിത്തള്ളണമെന്ന് ആവശ്യപ്പെട്ട് നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ട്.

(ബി) സർക്കാർ പ്രഖ്യാപിച്ച മിഷൻ 676 പദ്ധതിയുടെ ഭാഗമായി പട്ടികജാതി വിഭാഗത്തിപ്പെട്ടവർ, സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവയിൽ നിന്നും എടുത്തിട്ടുള്ള ഒരു ലക്ഷം വരെയുള്ളതും 31-3-2010-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായിട്ടുള്ളതുമായ വായ്പകൾ എഴുതി തള്ളുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്കായുള്ള കോച്ചിംഗ് സെന്ററുകൾ

291 (989) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളെ മത്സരപരീക്ഷകൾക്ക് സജ്ജരാക്കുന്നതിനുള്ള കോച്ചിംഗ്-കം-ഗൈഡൻസ് സെന്ററുകൾ സംസ്ഥാനത്ത് നിലവിൽ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത് ;

(ബി) എത്ര കുട്ടികൾ പരിശീലനം നടത്തിവരുന്നു ;

(സി) അതിനായി എത്ര തുകയാണ് അനുവദിച്ചിരിക്കുന്നത് ;

(ഡി) മറ്റ് പിന്നോക്ക സമുദായത്തിൽപ്പെടുന്ന കുട്ടികൾക്ക് ഉപയോഗപ്രദമാകുന്ന രീതിയിൽ ഇതേ മാതൃകയിൽ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഇത്തരം സെന്ററുകൾ ആരംഭിക്കുന്നകാര്യം പരിഗണിക്കുമോ ; വിശദാംശം ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly